LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തിയിട്ടുണ്ട്. 42,000 രൂപയിൽ താഴെ വരുമാനമുള്ള എസ്.ഇ.ബി.സി. / മറ്റ് സമുദായം രക്ഷിതാക്കളുടെ മക്കൾക്ക് പി.ജി./പ്രൊഫഷണൽ കോഴ്സുകൾക്ക് 500 രൂപ ലംപ്സംഗ്രാന്റും, മുഴുവൻ ഫീസും ഡേ സ്കോളർ ആണെങ്കിൽ 200 രൂപയും ഹോസ്റ്റലേഴ്സ് ആണെങ്കിൽ 250 രൂപയും പ്രതിമാസ സ്റ്റൈപ്പന്റും നൽകുന്നുണ്ട്. പോളിടെക്നിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 200 രൂപ ലംപ്സംഗ്രാന്റും മുഴുവൻ ഫീസും ഡേ സ്കോളർ ആണെങ്കിൽ 100 രൂപയും ഹോസ്റ്റലർ ആണെങ്കിൽ 150 രൂപയും പ്രതിമാസം സ്റ്റൈപ്പന്റ് നൽകുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും വിതരണം ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

പട്ടികജാതി വകുപ്പ് (തുക ലക്ഷത്തിൽ)

വിഭാഗം	2006-07	2007-08	2008-09	2009-10
എസ്.സി.	9094.84	11540.38	13991.36	14062.24
ഒ.ബി.സി/ എസ്.ഇ. ബി.സി.	4597.65	7510	6746.18	6597.38
മറ്റ് ഇതര വിഭാഗം	1190.73	1455.11	1272.63	1516.37

പട്ടികവർഗ്ഗ വകുപ്പ് (തുക രൂപയിൽ)

2006-07	2007-08	2008-09	2009-10
6,88,96,000	9,65,04,237	10,62,88,748	11,57,94,633

(സി) 4-2-2010-ലെ സ.ഉ.(എം എസ്) നമ്പർ 22/10/പജപവവിവ. പ്രകാരം പോസ്റ്റ് ഗ്രാജുവേറ്റ്/പ്രൊഫഷണൽ/പോളിടെക്നിക് കോഴ്സുകൾക്ക് പഠിക്കുന്ന എസ്.ഇ.ബി.സി./മറ്റിതര വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരം അനുവദിക്കുന്ന ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ വർദ്ധിപ്പിച്ചുകൊണ്ടും ഇവ ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 42,000 രൂപയായി ഏകീകരിച്ചുകൊണ്ടും ഉത്തരവായിട്ടുള്ളതിനാൽ ഇപ്പോൾ ഇക്കാര്യം പരിഗണനയിലില്ല.

പെരിങ്ങോം കേന്ദ്രീകരിച്ച് എം.ആർ. എസ്. ആരംഭിക്കാൻ നടപടി

122 (5527) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിൽ പെരിങ്ങോം കേന്ദ്രീകരിച്ച് എം.ആർ.എസ്.അനുവദിക്കാൻ നയപരമായ തീരുമാനമെടുത്ത് വർഷങ്ങൾ കഴിഞ്ഞിട്ടും എം.ആർ.എസ്. ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

തൃക്കരിപ്പൂർ മണ്ഡലത്തിലെ പെരിങ്ങോം കേന്ദ്രീകരിച്ച് പട്ടികജാതി വികസന വകുപ്പിനുകീഴിൽ ഒരു മോഡൽ റെസിഡൻഷ്യൽ സ്കൂൾ തുടങ്ങുന്നത് സംബന്ധിച്ച ശുപാർശ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലാണ്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം ലഭിക്കുന്ന മുറയ്ക്ക് അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്. വയക്കര ഗ്രാമപഞ്ചായത്തിൽ എം. ആർ. എസ്. നായി സ്ഥലം കണ്ടെത്തിയിരുന്നുവെങ്കിലും ടി സ്ഥലം ഉൾപ്പെട്ട 50 ഏക്കർ ഭൂമി സർക്കാർ ഭൂരഹിതർക്ക് പതിച്ചു നൽകുന്നതിന് തീരുമാനിച്ച സാഹചര്യത്തിൽ സ്ഥലം ലഭിക്കാത്ത സ്ഥിതിയാണുള്ളത്. ഈ സാഹചര്യത്തിൽ പുതിയ സ്ഥലം കണ്ടെത്തുന്നതിന് ജില്ലാകളക്ടർ മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്.

മോഡൽ റെസിഡൻഷ്യൽ സ്കൂൾ അനുവദിക്കുന്നതിന് നടപടി

123 (5528) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി മോഡൽ റെസിഡൻഷ്യൽ സ്കൂൾ അനുവദിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡമുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പട്ടിക സമുദായക്കാർ ധാരാളം അധിവസിക്കുന്ന തിരുവമ്പാടി മണ്ഡലത്തിൽ ഒരു മോഡൽ റെസിഡൻഷ്യൽ സ്കൂൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമർത്ഥരായ പട്ടിക ജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാഹചര്യ കുറവുകൊണ്ടു പഠനം മുടങ്ങാതെ ഗുണമേൻമയുള്ള വിദ്യാഭ്യാസം നൽകി മുഖ്യധാരയിൽ എത്തിക്കുന്നതിനുവേണ്ടിയാണ് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ചിട്ടുള്ളത്. 5-ാം ക്ലാസ്സ് മുതൽ +2 ക്ലാസ്സുകൾ വരെയുള്ള പട്ടിക ജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ താമസിപ്പിച്ച് വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടി വിഭാവനം ചെയ്തിട്ടുള്ളതാണ് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ. പട്ടികജാതി-പട്ടികവർഗ്ഗക്കാർ കൂടുതലായി അധിവസിക്കുന്ന പ്രദേശങ്ങൾ കേന്ദ്രമാക്കിയാണ് മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ അനുവദിക്കാറുള്ളത്. കൂടാതെ കുട്ടികളുടെ ലഭ്യത, സ്ഥല ലഭ്യത എന്നിവ ഉണ്ടെങ്കിൽ മാത്രമേ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ തുടങ്ങുവാൻ കഴിയുകയുള്ളു.

(ബി) കോഴിക്കോട് ജില്ലയിൽ പട്ടികജാതി വികസന വകുപ്പിനു കീഴിൽ ഒരു മോഡൽ റെസിഡൻഷ്യൽ സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഈ സ്കൂളിൽ പ്രവേശനം ലഭിക്കുന്നുണ്ട്. ആയതിനാൽ തിരുവമ്പാടി മണ്ഡലത്തിൽ പുതിയ മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കേണ്ടതില്ല.